## പതിനാലാം കേരള നിയമസഭ
## 11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 38

04.06.2018-ൽ മറുപടിയ്ക്ക്

## കോസ്റ്റൽ റെഗുലേഷൻ സോൺ ചട്ടങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ : | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കോസ്റ്റൽ റെഗുലേഷൻ സോൺ നിയമത്തിൽ കടൽ, പുഴ എന്നിവയുടെ തീരത്തുനിന്ന് വീട് നിർമ്മിക്കുവാനുള്ള ദൂരപരിധിയിൽ എന്തെങ്കിലും ഇളവ് ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; | (എ) നിലവിലുള്ള തീരദേശ നിയന്ത്രണ നിയമം 2011 അനുസരിച്ച് കടലിൽ നിന്നും വികസന നിഷിദ്ധമേഖലയായി കണക്കാക്കുന്ന 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ പരമ്പരാഗത തീരദേശ വാസികൾക്കും മത്സ്യ ബന്ധന സമൂഹത്തിൽപ്പെട്ടവർക്കും 100m² വരെയുള്ള വീടുകളുടെ നിർമ്മാണവും അതുപോലെ പുനർ നിർമ്മാണവും അനുവദനീയമാണ്. കൂടാതെ, പുഴയിൽ നിന്ന് 100 മീറ്ററോ അല്ലെങ്കിൽ പുഴയുടെ വീതി ഏതാണോ കുറവ് അത്രയും ദൂരം വികസന നിഷിദ്ധ മേഖലയായതിനാൽ പരമ്പരാഗത തീരദേശവാസികൾക്കും മത്സ്യബന്ധന സമൂഹത്തിൽ പെട്ടവർക്കും പുതിയ വീടുകളുടെ |

| | |
|---|---|
| | നിർമ്മാണവും പഴയ വീടുകൾ പുതുക്കി പണിയുന്നതും അനുവദനീയമാണ്. 18/04/2018 ൽ പ്രസിദ്ധീകരിച്ച കരട് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ മേൽ പറഞ്ഞ ദൂരപരിധിയിൽ കുറവ് വരുത്തിയിട്ടുണ്ട്. ആയത് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) നിലവിലുള്ള കോസ്റ്റൽ റെഗുലേഷൻ സോൺ-ന്റെ ദൂരപരിധി ചട്ടങ്ങൾ, അപ്പീൽ ചട്ടങ്ങൾ എന്നിവ മലയാളത്തിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) ലഭ്യമാണ്. |
| (സി) ദൂരപരിധി, വീടിന്റെ വിസ്തീർണ്ണം എന്നിവയിൽ തീരങ്ങളിൽ സ്ഥിര താമസക്കാരായവർക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവിന് സംസ്ഥാനം ശുപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) 18/04/2018 ൽ പ്രസിദ്ധീകരിച്ച കരട് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ തീരദേശ മേഖലയിൽ വികസന രഹിത മേഖലയായി (NDZ) പ്രഖ്യാപിച്ചിട്ടുള്ള മേഖലയിൽ തദ്ദേശവാസികളുടെ ഭവനനിർമ്മാണം അനുവദിച്ചിട്ടുണ്ട്. കൂടാതെ, തീര നിയന്ത്രണ മേഖലയിൽ $300m^2$ വരെയുള്ള കെട്ടിടങ്ങൾക്ക് അനുവാദം കൊടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോസ്റ്റൽ റെഗുലേഷൻ സോൺ ചട്ടങ്ങളിൽ ഇളവുകൾ സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പുതുതായി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കരട് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 16.06.2018 ന് മുമ്പ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ